രാജ്യസഭ സീറ്റ് ലഭിക്കാത്തതിനെതിരെ ചെറിയാൻ ഫിലിപ്പ്

കണ്ണൂർ: രാജ്യസഭ സീറ്റിലേക്ക് പരിഗണിക്കാത്തതിന്റെ പരിഭവം പങ്കുവെച്ച് ഇടത് സഹയാത്രികൻ ചെറിയാൻ ഫിലിപ്പിന്റെ ഫെയ്സ്ബുക്ക് പോസ്റ്റ്. 'അരനൂറ്റാണ്ടിലേറെ ജനമദ്ധ്യത്തിൽ നിന്ന ഞാൻ ഒരിക്കലെങ്കിലും ഒരു ജനപ്രതിനിധിയാകണമെന്ന് മോഹിച്ചാൽ അത് മഹാപാപമാണോ? ' എന്നാണ് രാജ്യസഭ സീറ്റിനെ കുറിച്ച് പരാമർശിക്കാതെയുള്ള പോസ്റ്റ്.

കെ.എസ്.യു നേതാവും എ.കെ.ആന്റണിയുടെ മനസാക്ഷി സൂക്ഷിപ്പുകാരനുമായിരുന്ന ചെറിയാൻ ഫിലിപ്പ് രണ്ട് പതിറ്റാണ്ടായി സി.പി.എം സഹയാത്രികനാണ്. വി.എസ്.മുഖ്യമന്ത്രിയായിരിക്കെ കെ.ടി.ഡി.സി ചെയർമാനായിരുന്നു. പുതുപ്പള്ളിയിൽ ഉമ്മൻചാണ്ടിക്കെതിരെ എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി മത്സരിച്ചിട്ടുണ്ട്. ഇത്തവണ പക്ഷെ ചെറിയാൻ ഫിലിപ്പിന് സീറ്റ് നൽകിയില്ല. പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ താക്കോൽ സ്ഥാനത്ത് ചെറിയാൻ ഫിലിപ്പ് ഉണ്ടാകുമെന്ന് കരുതിയിരുന്നെങ്കിലും ഒന്നും ഉണ്ടായില്ല. രാജ്യസഭ സീറ്റ് ഒഴിവ് വന്നപ്പോൾ ആദ്യഘട്ടത്തിൽ ചെറിയാൻ ഫിലിപ്പിന്റെ പേരാണ് ഉയർന്നുവന്നത്. പിന്നീട് എളമരം കരീമിനെയാണ് സി.പി.എം രാജ്യസഭയിലേക്ക് അയക്കാൻ തീരുമാനിച്ചത്. സീറ്റ് ലഭിക്കാത്ത നിരാശയാണ് ഫെയ്സ്ബുക്ക് പോസ്റ്റിന് കാരണമെന്നും കരുതുന്നു. പോസ്റ്റിന് നൂറുകണക്കിന് പേർ എതിർത്തും അനുകൂലിച്ചുമുള്ള പ്രതികരണങ്ങളാണ് നവമാധ്യമങ്ങളിൽ വരുന്നത്.

കണ്ണൂരിൽ മോഷ്ടാക്കൾ അഴിഞ്ഞാടി; പോക്കറ്റടി, മാല മോഷണങ്ങൾ

കണ്ണൂർ: കണ്ണൂരിൽ ഇന്നലെ വൈകീട്ടും ഇന്ന് രാവിലെയുമായി മോഷ്ടാക്കൾ അഴിഞ്ഞാടി. ബസിൽ വയോധികന്റെ 20,000 രൂപയടങ്ങിയ പേഴ്സ് കവർന്നു. പിലാത്തറ മണ്ടൂർ ഗ്രീൻ കാട്ടേജിലെ ഗോവിന്ദൻനായരു(70)ടെ പേഴ്സാണ് കവർച്ച ചെയ്യപ്പെട്ടത്. ഇന്ന് രാവിലെ കണ്ണൂർ എ.കെ.ജി ആശുപത്രി സ്റ്റോപ്പിൽ നിന്ന് ജില്ലാശുപത്രി സ്റ്റോപ്പിലേക്കുള്ള ബസിൽ കയറിയ ഗോവിന്ദൻ നായർ പ്രഭാത് ജംഗ്ഷനിൽ ബസ് ഇറങ്ങുമ്പോഴേക്കും പേഴ്സ് നഷ്ടപ്പെട്ടിരുന്നു. എ.കെ.ജി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മകനെ സന്ദർശിച്ച ശേഷം മിലിട്ടറി ആശുപത്രിയിലേക്ക് പോകുകയായിരുന്നു വിമുക്തഭടനായ ഗോവിന്ദൻ നായർ. ടൗൺ പോലീസിൽ പരാതി നൽകി. ഇന്നലെ വൈകീട്ട് പള്ളിക്കുന്ന് നിന്ന് കണ്ണപുരത്തേക്ക് യാത്ര ചെയ്ത മൊട്ടമ്മൽ പറമ്പത്ത് വായത്തുവളപ്പിൽ മണികണ്ഠന്റെ ഭാര്യ ഷംനയുടെ മൂന്നരപവന്റെ മാലയും മോഷ്ണം പോയിരുന്നു.

ഇന്നലെ വൈകുന്നേരം 6.30ന് താവക്കരയിലെ കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി വീട്ടിലേക്ക് പോകുമ്പോൾ റസ്ലോക്ക് ആശുപത്രിക്ക് സമീപത്തെ റോഡിൽ വച്ച് പിറകിൽ നിന്ന് വന്ന യാൾ സ്ത്രീയുടെ കഴുത്തിൽ നിന്നും രണ്ടുപവന്റെ മാല പൊട്ടിച്ച് ഓടിരക്ഷപ്പെട്ടു. താവക്കര ചോയ്സ് വില്ലേജിലെ ലക്ഷ്മണന്റെ ഭാര്യ സരോജിനി (67)യുടെ മാലയാണ് പിടിച്ചുപറിച്ചത്.

കഴിഞ്ഞ 6ന് താവക്കരയിൽ തലശേരി സ്വദേശിനിയായ യുവതിയുടെ നാല് പവന്റെ മാലയും കവർന്നിരുന്നു. താവക്കര ബസ്സ്റ്റാന്റിൽ ബസിറങ്ങിയപ്പോഴാണ് മാല മോഷണം പോയ കാര്യം യുവതി അറിഞ്ഞത്. ഇതുസംബന്ധിച്ച് തലശേരി പോലീസിൽ യുവതി പരാതി നൽകി.

കണ്ണൂർ നഗരത്തിൽ കഴിഞ്ഞ രണ്ടാഴ്ചക്കുള്ളിൽ ടൗൺ സ്കൂളിലടക്കം പത്തോളം സ്ഥലങ്ങളിലാണ് കവർച്ച നടന്നത്. ഇതുസംബന്ധിച്ച് മൂന്ന് പേരെ അറസ്റ്റ് ചെയ്തിരുന്നെങ്കിലും ഇപ്പോഴും മോഷ്ടാക്കളും പിടിച്ചുപറിക്കാരും വിലസുകയാണ്.

ഉടുപ്പയിലെ വിവാദ ടൂറിസം കേന്ദ്രത്തിൽ കുഴൽക്കിണർ നിർമ്മിച്ചത് അനുമതിയില്ലാതെയാണെന്ന്

തളിപ്പറമ്പ: ആന്തൂർ നഗരസഭയിലെ ഉടുപ്പ പ്രദേശത്ത് സി.പി.എം കേന്ദ്രകമ്മിറ്റിയംഗം ഇ.പി.ജയരാജന്റെ മകനും മറ്റ് ചിലരും ചേർന്ന് ആരംഭിക്കുന്ന ടൂറിസം കേന്ദ്രത്തിൽ കുഴൽക്കിണർ പണിതത് അനുമതിയില്ലാതെയാണെന്ന് വിവരാവകാശ രേഖ. ഭൂജല വകുപ്പ് ജില്ലാ കാര്യാലയമാണ് കണ്ണൂർ ആയുർവേദിക് മെഡിക്കൽ കെയർ പ്രൈവറ്റ് ലിമിറ്റഡിന് കുഴൽക്കിണർ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടില്ലായെന്ന് വ്യക്തമാക്കിയത്. കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പ് ഓഫീസിൽ നിന്നും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും പ്രസ്തുത സർട്ടിഫിക്കറ്റ് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹാജരാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി അനുമതി വാങ്ങിക്കാവുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ അനുമതികളോടും കൂടിയാണ് കേന്ദ്രം പ്രവർത്തിക്കുന്നതെന്നാണ് മാനേജ്മെന്റ് നേരത്തെ അവകാശപ്പെട്ടിരുന്നത്.

കാണാതായ യുവതിക്കായി പോലീസ് അന്വേഷണം തുടങ്ങി

കണ്ണൂർ: കഴിഞ്ഞ മാസം 22 മുതൽ കാണാതായ കണ്ണൂർ സിറ്റിയിലെ യുവതിക്കായി പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. കണ്ണൂർ സിറ്റി മരക്കാർകണ്ടി ഫിലോസ് മദർ തെരേസ കോളനിയിലെ ഡിംന ഫെർണാണ്ടസി(30)നെയാണ് കഴിഞ്ഞ മാസം 22ന് പുലർച്ചെ മുതൽ കാണാതായത്. രണ്ട് കുട്ടികളുടെ മാതാവാണ് യുവതി. അഴീക്കോട് സ്വദേശിയായ യുവാവിനൊപ്പം പോയതാണെന്നും സംശയമുണ്ട്. യുവതിയെപ്പറ്റി വിവരം ലഭിക്കുന്നവർ കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്ന് പോലീസ് അറിയിച്ചു.

തളിപ്പറമ്പ് നീതി ലാബ്
എമിറേറ്റ്സ് മാൾ, മെയിൻറോഡ്, തളിപ്പറമ്പ
(തളിപ്പറമ്പ് റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ നം. 2056 കീഴിലുള്ള ഒരു അനുബന്ധ സ്ഥാപനം)
പരിശോധനഫീസിൽ 10% മുതൽ 50% വരെ കിഴിവ്
ആധുനിക സാങ്കേതികവിദ്യയും ഉപകരണങ്ങളും ഉപയോഗിച്ച് മിതമായ നിരക്കിൽ കൃത്യമായ ഫലം നൽകുന്നു
Ph: 0460 2207118
വയോജനങ്ങൾക്ക് 6 മാസത്തേക്ക് പ്രമേഹ പരിശോധന സൗജന്യം
കിടപ്പുരോഗികളുടെ രക്തസാമ്പിൾ വീടുകളിലെത്തി ശേഖരിക്കുന്നതാണ്

കണ്ണൂർ റെയിൽവേ സ്റ്റേഷനിലേക്ക് എസ്.എ.ടി.യു-പൗരാവകാശ പ്രവർത്തകർ നടത്തിയ മാർച്ച്

നവ മുതലാളിത്തം ചൂഷണത്തിന് ജനങ്ങളെ മാനസികമായി ഒരുക്കുന്നു: ഉമേഷ്ബാബു

കണ്ണൂർ: ചൂഷണത്തിന് വിധേയരാകാൻ ജനങ്ങളെ മാനസികമായി ഒരുക്കുന്നുവെന്നതാണ് നവമുതലാളിത്തത്തിന്റെ പ്രത്യേകതയെന്ന് സാംസ്കാരിക പ്രവർത്തകൻ കെ.സി.ഉമേഷ്ബാബു അഭിപ്രായപ്പെട്ടു. ഇന്ധന വിലവർധനവിന് എതിരേ സ്വതന്ത്ര ഓട്ടോറിക്ഷ തൊഴിയാളി യൂനിയനും (എസ്.എ.ടി.യു) പൗരാവകാശ പ്രവർത്തകരും സംയുക്തമായി നടത്തിയ റെയിൽവേ സ്റ്റേഷൻ മാർച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പണ്ട് നമ്മൾ ഒരു ലിറ്റർ, രണ്ട് ലിറ്റർ എന്നൊക്കെയുള്ള നിലയിലായിരുന്നു പെട്രോൾ അടിച്ചിരുന്നത്. എന്നാൽ ഇന്ന് ലിറ്ററിന്റെ കണക്ക് അപ്രത്യക്ഷമായി. പകരം 100, 200, 500 രൂപ എന്നിങ്ങനെയാണ് പെട്രോൾ അടിക്കുന്നത്. ഇതിലൂടെ പെട്രോളിന്റെ വില വർധനവ് നമ്മളെ സ്പർശിക്കാത്തതായി മാറുന്നു. അദ്ദേഹം ചൂണ്ടിക്കാട്ടി.

ഡോ.ഡി.സുരേന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. കെ.സുനിൽകുമാർ, ദേവദാസ് തളാപ്പ്, സി.ശശി, അഡ്വ.കസ്തൂരിദേവൻ പ്രസംഗിച്ചു. എൻ.ലക്ഷ്മണൻ സ്വാഗതം പറഞ്ഞു. മാർച്ച് റെയിൽവേ സ്റ്റേഷന് മുന്നിൽ പോലീസ് തടഞ്ഞു.

കനത്ത മഴയും കാറ്റും; ജില്ലയുടെ കിഴക്കൻ മലയോരത്ത് മൂന്നിടത്ത് ഉരുൾപൊട്ടി

ഇരിട്ടി: ഇന്നലെ രാത്രിയും ഇന്ന് പുലർച്ചെയുമായി ജില്ലയുടെ കിഴക്കൻ മലയോരത്ത് കനത്ത കാറ്റും മഴയും. മൂന്നിടത്ത് ഉരുൾപൊട്ടി. നിരവധി വീടുകൾ തകർന്നു. വൻതോതിൽ വിളനാശവും സംഭവിച്ചു.

അയ്യങ്കുന്ന് പഞ്ചായത്തിലെ മുടിക്കയം പാറക്കമലയിൽ ഇന്നലെ രാത്രിയോടെയുണ്ടായ ഉരുൾപൊട്ടലിൽ രണ്ട് റോഡുകൾ ഒഴുകിപോയി. രണ്ട് വീടുകൾ ഭാഗികമായി തകർന്നു. നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഉരുൾപൊട്ടലിൽ കൂറ്റൻ പാറകൾ ഒഴുകിവന്ന് വീടുകൾക്ക് മേൽ പതിക്കുകയായിരുന്നു.

മാക്കൂട്ടം ബ്രഹ്മഗിരി വനത്തിലും പേരട്ടക്കടുത്ത തൊട്ടിൽപാലത്തും ഇന്ന് പുലർച്ചെ ഉരുൾപൊട്ടലുണ്ടായി. ദുരന്തം സംഭവിച്ച സ്ഥലങ്ങളിൽ അഗ്നിരക്ഷാസേനയും പോലീസും നാട്ടുകാരും ചേർന്ന് രക്ഷാപ്രവർത്തനം നടത്തുകയാണ്. റവന്യൂ അധികൃതരും സ്ഥലത്തെത്തിയിട്ടുണ്ട്.

ആലക്കോട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി ഓഫീസിലെ കമ്പ്യൂട്ടർവൽക്കരണം കെ.സി. ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

കേരളാ കോൺഗ്രസിന് സീറ്റ് നൽകിയത് യു.ഡി.എഫിനെ ശക്തിപ്പെടുത്താൻ വേണ്ടി: കെ.സി. ജോസഫ്

ആലക്കോട്: കോൺഗ്രസിന് അവകാശപ്പെട്ട രാജ്യസഭാ സീറ്റ് കേരളാ കോൺഗ്രസിന് നൽകിയത് യു.ഡി.എഫിനെ ശക്തിപ്പെടുത്താൻ വേണ്ടിയാണെന്ന് കെ.സി. ജോസഫ് എം.എൽ.എ പ്രസ്താവിച്ചു. ആലക്കോട് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോൺഗ്രസ് ഓഫീസിൽ ഏർപ്പെടുത്തിയ കമ്പ്യൂട്ടർ സംവിധാനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അടുത്ത ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിയെ അധികാരത്തിൽ നിന്ന് താഴെയിറക്കുന്നതിന് കേരളത്തിൽ യു.ഡി.എഫിനെ ശക്തിപ്പെടുത്തിയാൽ മാത്രമേ കഴിയൂ. യു.ഡി.എഫ് വിട്ടുപോയ കേരളാ കോൺഗ്രസിനെ മുന്നണിയിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനാണ് രാജ്യസഭാ സീറ്റ് അവർക്ക് നൽകിയത്. ഇതൊരു ജനാധിപത്യമര്യാദയുടെ ഭാഗമാണെന്നും ഇപ്പോഴുള്ള തർക്കങ്ങൾ അനാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. മണ്ഡലം പ്രസിഡണ്ട് വർഗീസ് പയ്യംപള്ളിൽ അധ്യക്ഷത വഹിച്ചു. അഡ്വ. സോണി സെബാസ്റ്റ്യൻ, പി.ടി. മാത്യു, തോമസ് വെക്കത്താനം, സി. മോഹനൻ, ബിജു പുളിയന്തൊട്ടി, ദേവസ്യ പാലപ്പുറം, മോളി മാനുവൽ പ്രസംഗിച്ചു. നാരായണൻ പുലിക്കിരി സ്വാഗതവും അഡ്വ. സിബി തെങ്ങുംപള്ളിൽ നന്ദിയും പറഞ്ഞു.

സുഹൃത്തിനെ കൊന്ന് സ്യൂട്ട്കെയ്സിലാക്കി നദിയിൽ ഒഴുക്കാൻ ശ്രമിക്കവെ മലയാളിയടക്കം പിടിയിൽ

ഡൽഹി: സുഹൃത്തിനെ കൊലപ്പെടുത്തി മൃതദേഹം സ്യൂട്ട്കെയ്സിൽ ഒളിപ്പിച്ച് യമുന നദിയിൽ ഒഴുക്കാൻ ശ്രമിക്കവെ മലയാളിയടക്കം മൂന്നുപേരെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തു. ഗ്രേറ്റർ നോയിഡയിൽ താമസിക്കുന്ന വിശാൽ ത്യാഗി, പൗരുഷ്, മലയാളിയായ കുട്ടു എന്ന് വിളിക്കുന്ന മനോജ്പിള്ള എന്നിവരാണ് പിടിയിലായത്. ഇവരോടൊപ്പം മുറിയിൽ താമസിച്ചിരുന്ന ദീപാംശു എന്ന 23കാരനെയാണ് ഞായറാഴ്ച രാത്രി കൊലപ്പെടുത്തിയത്.

ദീപാംശുവിന്റെ ശരീരം തുണ്ടുതുണ്ടാക്കി സ്യൂട്ട്കെയ്സിൽ നിറച്ച് യമുന നദിയിൽ തള്ളാൻ കൊണ്ടുപോകുമ്പോഴാണ് ഇവർ പിടിയിലായത്. ഇവരുടെ മറ്റൊരു സുഹൃത്തായ ലാക്കോയുടെ കാർ മൃതദേഹം കൊണ്ടുപോകാൻ ചോദിച്ചുവെങ്കിലും കിട്ടിയില്ല. പിന്നീട് ഒരു ഇ-റിക്ഷയിൽ സ്യൂട്ട്കെയ്സുമായി പോകവെ രക്തതുള്ളികൾ റോഡിൽ ഇറ്റുവീണു. ഇതുകണ്ട പോലീസ് റിക്ഷ തടഞ്ഞ് പരിശോധിച്ചപ്പോഴാണ് സ്യൂട്ട്കെയ്സിൽ മൃതദേഹം കാണുകയും മൂന്നുപേരെ പിടികൂടുകയും ചെയ്തത്.

20 കാരനായ വിശാൽ ത്യാഗി ഇക്കൊല്ലം നീറ്റ് പരീക്ഷ വിജയിച്ചതാണ്. ഗ്യാസിയബാദിലെ ഒരു ഡോക്ടറുടെ മകനാണ് ഇയാൾ. വിശാൽ ത്യാഗിയുടെ അനന്തരവനാണ് കൊല്ലപ്പെട്ട ദീപാംശു. നേരത്തെ ഉത്തരാഖണ്ഡിലായിരുന്ന മനോജ്പിള്ള അടുത്ത കാലത്താണ് ഗ്രേറ്റർ നോയിഡയിലെത്തിയത്. കൊല്ലപ്പെട്ട ദീപാംശുവും പിടിയിലായ മൂന്നുപേരും മറ്റൊരു സുഹൃത്തുമടക്കം ഒരു മുറിയിൽ താമസിച്ചുവരികയായിരുന്നു. മദ്യപാനത്തിനിടയിൽ തുടങ്ങിയ വാക്കേറ്റമാണ് കൊലപാതകത്തിൽ കലാശിച്ചത്. വിശാലും പൗരുഷും കൂടിയാണ് ദീപാംശുവിന്റെ കയ്യും കാലും പിടിച്ചുവെക്കുകയും മനോജ് പിള്ള കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തുകയുമായിരുന്നുവത്രെ.

മനാഫ് വധം: പി.വി. അൻവറിന്റെ മരുമക്കളെ ഒരുമാസത്തിനകം പിടികൂടണമെന്ന് കോടതി

മലപ്പുറം: 23 വർഷം മുമ്പ് നടന്ന മനാഫ് വധക്കേസിൽ പ്രതികളായ രണ്ടുപേരെ ഒരുമാസത്തിനകം അറസ്റ്റ് ചെയ്യണമെന്ന് മഞ്ചേരി കോടതി ഉത്തരവിട്ടു. ഇടത് എം.എൽ.എയായ ടി.വി. അൻവറിന്റെ സഹോദരി പുത്രൻമാരായ ഷഫീഖ്, ഷെരീഫ് എന്നിവരെ അറസ്റ്റ് ചെയ്യാനാണ് ഉത്തരവിട്ടത്. ഇവർക്കായി വിമാനത്താവളങ്ങളിലടക്കം ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിപ്പിക്കണമെന്ന് മലപ്പുറം എസ്.പിക്ക് നൽകിയ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. മനാഫ് വധക്കേസിൽ പ്രതികളായ ഇരുവരും വിദേശത്തേക്ക് കടക്കുകയായിരുന്നു. വിദേശത്ത് നിന്ന് പലതവണ നാട്ടിലെത്തുകയും തിരിച്ച് പോവുകയും ചെയ്തിട്ടുണ്ട്. എന്നാൽ അൻവറിന്റെ രാഷ്ട്രീയ സ്വാധീനം കാരണം പ്രതികളെ പിടികൂടാൻ പോലീസ് തയ്യാറാവാതിരിക്കുകയായിരുന്നത്രെ. പോലീസ് സ്റ്റേഷന് സമീപത്ത് കൂടെ നടന്നുപോയിട്ടും ഇരുവരെയും പിടികൂടാൻ തയ്യാറാകാത്തതിനെതിരെ കൊല്ലപ്പെട്ട മനാഫിന്റെ സഹോദരനാണ് കോടതിയെ സമീപിച്ചത്. ഈ ഹർജിയിൽ ഇരുവരുടെയും യാത്രാരേഖകൾ സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കാൻ പോലീസിന് കോടതി നിർദേശം നൽകിയിരുന്നു. എന്നാൽ പോലീസ് സമർപ്പിച്ച രേഖകളിൽ വിശദാംശങ്ങളില്ലെന്ന് കണ്ട കോടതി പോലീസിനെ വിമർശിക്കുകയും അറസ്റ്റ് ചെയ്യാൻ ഉടൻ നടപടി സ്വീകരിക്കണമെന്ന് ഉത്തരവിടുകയുമായിരുന്നു.

റമളാനിലെ ബാങ്കിന്റെ സമയം
ഇന്നത്തെ നോമ്പ്തുറ
6.56
ളുഹർ 12.32
അസർ 3.58
മഗ്രിബ് 6.56
ഇശാഅ് 8.14
സുബ്ഹ് 4.36
Elegant Ideas for a Stylish Lifestyle
Ideal decor
HOME 'N' OFFICE FURNITURE & ACCESSORIES
Level 2, City Square, at Shopprix super Centre
N.H. TALIPARAMBA
Ph: 0460 220 1123, 9207428880

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2,865
പവന് :22,920
പവിത്ര ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ചതുരംപുഴയിൽ തൊലിവെട്ടി നശിപ്പിച്ച റബർ മരങ്ങൾ

റബർ മരങ്ങൾ നശിപ്പിച്ചു

പയ്യാവൂർ: റബർ മരങ്ങളുടെ തൊലി ചെത്തി മരങ്ങൾ നശിപ്പിച്ചതായി പരാതി. പയ്യാവൂർ ചതുരംപുഴയിലെ വടക്കൻ വീട്ടിൽ ജോസഫാണ് പയ്യാവൂർ പോലീസിൽ പരാതി നൽകിയത്. ഇദേഹത്തിന്റെ ഉടമസ്ഥതയിലുള്ള ചതിരംപുഴയിലെ ഒന്നര ഏക്കർ സ്ഥലത്തെ 25 ഓളം റബർ മരങ്ങളാണ് നശിപ്പിച്ചത്.

കാർ മറിച്ചുവിറ്റതിന് കേസ്

ശ്രീകണ്ഠപുരം: വാടകക്ക് ഓടിക്കാൻ നൽകിയ കാർ മറിച്ചു വിൽപ്പന നടത്തിയെന്ന പരാതിയിൽ കോടതി നിർദേശപ്രകാരം കേസെടുത്തു. ശ്രീകണ്ഠപുരം ചേപ്പറമ്പിലെ താഴെത്തട്ട് ബെന്നിയുടെ പരാതിയിൽ ചെങ്ങളായി സ്വദേശിയും ചുഴലിയിൽ താമസക്കാരനുമായ കൊവ്വൽ പുതിയപുരയിൽ സി.പി. മുനീറിനെതിരെയാണ് തളിപ്പറമ്പ് കോടതി നിർദേശപ്രകാരം ശ്രീകണ്ഠപുരം പോലീസ് കേസെടുത്തത്. ബെന്നിയുടെ ഉടമസ്ഥതയിലുള്ള കെ. എൽ. 07 എ.ജി 181 ഹ്യൂണ്ടായി കാർ മുനീറിന് ഓടിക്കാൻ നൽകിയിട്ട് പിന്നീട് തിരിച്ച് നൽകിയില്ലെന്ന് കാണിച്ചാണ് കേസ്.

നാലര ലിറ്റർ മദ്യവുമായി ഒരാൾ അറസ്റ്റിൽ

ശ്രീകണ്ഠപുരം: വിൽപ്പനക്കായി കടത്തുകയായിരുന്ന നാലര ലിറ്റർ വിദേശമദ്യവുമായി ഒരാൾ അറസ്റ്റിൽ. ചേപ്പറമ്പിലെ കെ.കെ. കരുണാകരൻ (60)നെയാണ് ശ്രീകണ്ഠപുരം എക്സൈസ് പ്രിവന്റീവ് ഓഫീസർ പി.ടി. യേശുദാസൻ അറസ്റ്റ് ചെയ്തത്.

ചരമം

കൃഷ്ണൻ

തളിപ്പറമ്പ: പാളയാട് പാലത്തിന് സമീപത്തെ കോമത്ത് കൃഷ്ണൻ (81) നിര്യാതനായി. തളിപ്പറമ്പിലെ ആദ്യകാല ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടായ മെയിൻ റോഡിൽ പ്രിൻസ് വസ്ത്രാലയത്തിന് സമീപത്തെ മൂകാംബിക ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഉടമയും ആദ്യത്തെ ടൈപ്പിസ്റ്റുമാണ്. അരനൂറ്റാണ്ടിന് മുമ്പ് തന്നെ ഇംഗ്ലീഷ് പരിഭാഷയിലും ഇംഗ്ലീഷിൽ അപേക്ഷ തയ്യാറാക്കുന്നതിലും കഴിവ് തെളിയിച്ചയാളാണ്. ഇവിടെ നിന്ന് 70 കളിലും 80 കളിലും ടൈപ്പ്റൈറ്റിംഗ് പഠിച്ച പലരും കൽക്കട്ട ഉൾപ്പെടെയുള്ള മഹാനഗരങ്ങളിൽ ജോലി സമ്പാദിച്ചിട്ടുണ്ട്. ഇന്ന് പുലർച്ച മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ഭാര്യ: കൗസല്യ. മക്കൾ: മധുസൂദനൻ (ജില്ലാ പോലീസ് ചീഫ് ഓഫീസ്, കാസർക്കോട്), മഞ്ചുഷ, രേഖ. മരുമക്കൾ: ജിഷി, ജയകൃഷ്ണൻ, അജിത്. സഹോദരങ്ങൾ: നാരായണി, കൗസല്യ, കമലാക്ഷി, പരേതരായ അച്ചുതൻ, പത്മനാഭൻ, ഭാസ്കരൻ.

നഗരസഭ പ്രതിപക്ഷ നേതാവ് കോമത്ത് മുരളീധരന്റെ അമ്മാവനാണ്. സംസ്കാരം ഇന്ന് വൈകീട്ട് നാലിന് കീഴാറ്റൂർ സമുദായ ശ്മശാനത്തിൽ.

കാർത്ത്യായനി

തളിപ്പറമ്പ: ചവനപ്പുഴ മീത്തൽ ഇ.എം.എസ് മന്ദിരത്തിന് സമീപത്തുള്ള വി. കാർത്ത്യായനി (70) നിര്യാതയായി. ഭർത്താവ്: മുള്ളൂക്കാരൻ രാഘവൻ.

ആഗസ്തി

ആലക്കോട്: ആദ്യകാല കുടിയേറ്റ കർഷകൻ നെല്ലിക്കുന്നിലെ വട്ടക്കുന്നേൽ ആഗസ്തി (കൊച്ച്-75) നിര്യാതനായി. ഭാര്യ: പരപ്പ കുന്നുംപുറത്ത് കുടുംബാംഗം ത്രേസ്യാമ്മ. മക്കൾ: ജോൺസി, പരേതരായ ജോളി, ജോബി. മരുമകൻ: സന്തോഷ് ആട്ടപ്പാട്ട് (ജയ്ഹിന്ദ് ട്രേഡേഴ്സ്, ആലക്കോട്). സഹോദരങ്ങൾ: ഏലിക്കുട്ടി, തോമസ്, മാത്യു, പരേതരായ ജോസഫ്, സെബാസ്റ്റ്യൻ. സംസ്കാരം ഇന്ന് വൈകുന്നേരം നാല് മണിക്ക് പാത്തൻപാറ സെന്റ് ആന്റണീസ് പള്ളിയിൽ.

ലില്ലിക്കുട്ടി

ആലക്കോട്: വെള്ളാട് പള്ളിക്കവലയിലെ കൊരണ്ടക്കാട്ട് ആന്റണിയുടെ ഭാര്യ ലില്ലിക്കുട്ടി (50) നിര്യാതയായി. മാലോം പുല്ലുമറ്റത്തിൽ കുടുംബാംഗമാണ്. മക്കൾ: ജിഷ, ജിൻസി, സിസ്റ്റർ ജോസ്ന (എസ്.എച്ച്. കോൺവെന്റ്, തുണ്ടിയിൽ). മരുമക്കൾ: സന്തോഷ് അയിൻപുള്ളിൽ (വയനാട്), വിനേഷ് (ആശാൻകവല). സംസ്കാരം ഇന്ന് വൈകുന്നേരം അഞ്ച് മണിക്ക് വെള്ളാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 195 RNI Reg.No.KER MAL/2007/22043